15th January 2016 / Friday                    82nd day of 90 days

**സങ്കീർത്തനങ്ങൾ 139:4**

'യഹോവേ, നീ മുഴുവനും അറിയാത്ത ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല.'

ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു എല്ലാം കഴിഞ്ഞുപോയി. പഴയ സ്വഭാവമോ പാപത്തിന്റെയും ശാപത്തിന്റെയും വിചാരങ്ങൾ, ചിന്തകൾ, വ്യാകുലതകൾ ഒന്നും നമ്മെ ഭരിക്കരുത്. വിശ്വാസികൾ സ്വയത്തിൽ ആശ്രയിച്ച് ഒന്നും ചെയ്യാതെ സകലവും ദൈവത്തിൽ സമർപ്പിച്ച്, കർത്താവിന്റെ വചനം അനുസരിച്ച് ജീവിക്കുവാൻ കഴിയണം. വിശ്വാസികളുടെ പിതാവായ അബ്രാഹാമിനെപ്പോലെയും നീതിമാനായ ഈയ്യോബിനെപ്പോലെയും വിശുദ്ധ കന്യക മറിയാമിനെപ്പോലെയും എത്ര കഷ്ടതകൾ നിറഞ്ഞതും അനുസരിക്കാൻ പ്രയാസമുള്ളതുമായ കാര്യങ്ങൾ ആണെങ്കിലും നമ്മുടെ ബലഹീനതയിൽ ശക്തനാക്കുന്ന ദൈവത്തിന്റെ വർദ്ധിച്ച ബലത്തിന്മേൽ നമ്മെ ശക്തരാക്കി ബലപ്പെടുത്തും. കടലിനെ രണ്ടായി നിർത്താൻ കഴിവുള്ളവൻ, സകലവും സൃഷ്ടിച്ചവന് എല്ലാം സാദ്ധ്യമാണ്. നമ്മുടെ വിശ്വാസം അത് വർദ്ധിപ്പിച്ച് ജീവിതത്തെ നന്മകളാൽ ഉന്നതിയിലെത്തിക്കും. നമ്മുടെ ഹൃദയം നിറഞ്ഞ് കവിയുന്നതാണ് വായ് സംസാരിക്കുന്നത്. നമ്മുടെ നിക്ഷേപം എവിടെയാണോ അവിടെയാണ് ഹൃദയം ഇരിക്കുന്നത്. അതുകൊണ്ടാണ് യേശുക്രിസ്തു പഠിപ്പിച്ചത്, നിങ്ങൾ നിങ്ങൾക്കുള്ളത് വിററ് ദരിദ്രർക്ക് ദാനം ചെയ്തു സ്വർഗ്ഗരാജ്യത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുക. അപ്പോൾ നമ്മുടെ ഹൃദയം സ്വർഗ്ഗത്തിലാകും, നല്ല ചിന്തകളാൽ ഹൃദയം നിറഞ്ഞ് വായ് സംസാരിക്കുന്നത്. ഇതേപോലെ, ചിലസമയത്ത് ഉചിതമായ ഉത്തരം ലഭിക്കാതെ വരുമ്പോൾ വചനം ധ്യാനിച്ച്, മൗനമായിരിക്കുമ്പോൾ ധ്യാനത്തിങ്കൽ തീ കത്തി, അപ്പോൾ നാവെടുത്തു സംസാരിക്കുമെന്ന് സങ്കീർത്തനക്കാരൻ 39-ാം അദ്ധ്യായത്തിൽ പ്രബോധിപ്പിക്കുന്നു. ഒരു നിമിഷം ചിന്തിക്കുക, നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ എല്ലാം ദൈവീകമാണോ? ഞാൻ ക്രിസ്ത്യാനിയായി ജീവിക്കുന്നതും പ്രവർത്തിക്കുന്നതും എല്ലാവർക്കും നല്ല മാതൃകയാണോ എന്ന് ഉറപ്പുവരുത്തുക. ജീവിത പാതയിൽ ചില സങ്കീർണ്ണമായ നേരത്തിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കേണ്ടതായ സമയത്ത് മാനുഷികചിന്തകൾ വഴി മുട്ടുമ്പോൾ, സകലവും സാദ്ധ്യമാകുന്ന ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരിക്കേണം. നമ്മുടെ മുമ്പിൽ പല വഴികൾ ഉണ്ടായിരിക്കാം. ഉപദേശിക്കുവാൻ അനേകരും ഉണ്ടാകാം. ആ ഉപദേശങ്ങൾ ആദ്യം ഉചിതവും ശരിയായും തോന്നാം. പക്ഷേ അതിൽ ദൈവത്തിന്റെ കരങ്ങൾ ഉണ്ടോ? ദൈവത്തിന്റെ പദ്ധതിയിൽ ഉള്ളതാണോ എന്നറിയാൻ നാം കാത്തിരിക്കേണം. ധ്യാനത്തിങ്കൽ വെളിപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്യുവാൻ നാം തയ്യാറാകണം. അത് മററുള്ളവർക്ക് അരോചകമോ അനുസരണക്കേടായോ തോന്നാമെങ്കിലും ദൈവത്തിന്റെ മുമ്പിൽ നീതിയുള്ളതായിരിക്കും. വിശുദ്ധ കന്യകമറിയം ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തന്റെ വിവാഹം ജീവിതം വേണ്ടായെന്നു വെച്ചപ്പോൾ, എല്ലാവരാലും തള്ളപ്പെട്ടപ്പോൾ, കർത്താവിന്റെ പദ്ധതിയ്ക്കു മുൻ തൂക്കം കൊടുത്ത് ലോകത്തിനെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രക്ഷിക്കുവാൻ രക്ഷകനെ സമ്മാനിക്കുവാൻ കഴിഞ്ഞു.